**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ടകളുമായുള്ള പോലീസുകാരുടെ അവിശുദ്ധകൂട്ടുകെട്ട് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗുണ്ടകളുടെയും സാമൂഹ്യവിരുദ്ധരുടെയും അതിക്രമം വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് കർശന നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ അമർച്ച ചെയ്യുന്നതിനും പൊതുസമാധാനം ഉറപ്പുവരുത്തുന്നതിനുമുള്ള കർശന നടപടികളുടെ ഭാഗമായി 'ഓപ്പറേഷൻ ആഗ്' സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. മയക്കുമരുന്ന് വിപണനം തടയുന്നതിനായി 'ഓപ്പറേഷൻ ഡി ഹണ്ട്' സ്പെഷ്യൽ ഡ്രൈവും നടത്തിയിട്ടുണ്ട്.<br><br>ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഗുണ്ടാ-സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കാപ്പാ നിയമം ചുമത്തുന്നതുൾപ്പെടെ ആവശ്യമായ കരുതൽ നടപടികളും മറ്റ് നിയമ നടപടികളും സ്വീകരിക്കുന്നതിനായി 'ഓപ്പറേഷൻ കാവൽ' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം സംഘടിത പ്രവർത്തനങ്ങൾ ഉൻമൂലനം ചെയ്യുന്നതിനായി ജില്ലാ പോലീസ് മേധാവിമാരുടെ മേൽനോട്ടത്തിൽ Special Action Group against Organised Crimes (SAGOC) രൂപീകരിച്ചിട്ടുണ്ട്.<br><br>ഇതിന് പുറമെ ഓരോ പോലീസ് സ്റ്റേഷനുകളിലും Anti-Organised Crime Cell (AOCC) ആരംഭിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു പ്രകാരം സ്റ്റേഷൻ ഹൗസ് ഓഫീസറുടെ നേതൃത്വത്തിൽ 2 പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന Anti-Organised Crime Cell, ഗുണ്ടകളെയും അവരുടെ പ്രവർത്തനങ്ങളെയും സസൂക്ഷ്മം നിരീക്ഷിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സദാ ജാഗ്രത പുലർത്തു- ന്നതിനും കൃത്യമായ |

| | | | |
|---|---|---|---|
| | | | പട്രോളിംഗ് നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും എസ്.എച്ച്.ഒ. മാർക്ക് പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഗുണ്ടാ പ്രവർത്തനങ്ങൾ നിയന്ത്രിക്കേണ്ട പോലീസുതന്നെ ഗുണ്ടകളുടെ സൽക്കാരത്തിൽ പങ്കെടുക്കുന്ന സംഭവങ്ങൾ പോലീസ് സേനയ്ക്ക് ആകമാനം നാണക്കേട് സൃഷ്ടിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | Operation AAG-ന്റെ തുടർച്ചയായി അങ്കമാലി പോലീസ് പരിശോധന നടത്തവെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടയാളുടെ വീട്ടിൽ നടന്ന സൽക്കാര- ത്തിൽ ആലപ്പുഴ ക്രൈംബ്രാഞ്ച് DySP എം.ജി. സാബു, സി.പി.ഒ. ദീപക് സി.കെ., ഡ്രൈവർ എസ്.സി.പി.ഒ. ജോളിമോൻ എസ്., ഡ്രൈവർ സി.പി.ഒ. അനീഷ് റ്റി.കെ. എന്നീ ഉദ്യോഗസ്ഥർ പങ്കെടുത്തതായി കണ്ടെത്തി. ഗുരുതരമായ അച്ചടക്ക ലംഘനവും പോലീസിന്റെ സൽപ്പേരിന് കളങ്കം വരുത്തുന്ന പ്രവർത്തിയിലും ഏർപ്പെട്ട മേൽ ഉദ്യോഗസ്ഥരെ അച്ചടക്കനടപടിയ്ക്ക് വിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്.<br><br>ഗുണ്ടകളുമായി ബന്ധം പുലർത്തുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (സി) | ഗുണ്ടകളുമായി പോലീസുകാർ അവിശുദ്ധകൂട്ടുകെട്ടിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (സി) | ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടിയും നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ക്രിമിനൽ ബന്ധങ്ങളുണ്ടെന്ന് കണ്ടെത്തിയാൽ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന മുന്നറിയിപ്പ് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ